1) **26.07.2017 ബുധനാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 483-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
3) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ.
4) ശ്രീമതി. ഉഷാകുമാരി, ജില്ലാ ടൗൺ പ്ലാനർ, നഗരഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം.
5) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 80/2017-18**

*28.06.2017 ബുധനാഴ്ച കൂടിയ 482-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

*28.06.2017*-ൽ കൂടിയ 482-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 81/2017-18**

*24.04.2017-ൽ കൂടിയ 480-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ്. (അജണ്ടയ്ക്ക് പുറത്തുള്ള ഇനം)*

24.04.2017-ൽ കൂടിയ 480-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനത്തിന്റെ (അജണ്ടയ്ക്ക് പുറത്തുള്ള ഇനം) തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**3. തീരുമാനം നമ്പർ 82/2017-18**

*31.05.2017-ൽ കൂടിയ 481-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ്.*

31.05.2017-ൽ കൂടിയ 481-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**4. തീരുമാനം നമ്പർ 83/2017-18**

*ജിസിഡിഎ - ആസൂത്രണ വിഭാഗം - ചിലവന്നൂർ ബണ്ട് റോഡ് സ്ഥലം ഏറ്റെടുക്കുന്നത് - DLPC കൂടുന്നത് - സംബന്ധിച്ച്. (3881/പി.എൽ.1/2008/ജിസിഡിഎ)*

23.09.2015-ലെ G.O.(MS) No. 485/2015/RD പ്രകാരം പുതിയ ലാന്റ് അക്വിസിഷൻ ആക്ട് 2013-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള Negotiable Purchase through land acquisition Thahasildar അനുസരിച്ച് ചിലവന്നൂർ ബണ്ട് റോഡ് നിർമ്മാണത്തിന് നെഗോഷ്യബിൾ പർച്ചേസിലൂടെ സ്ഥലമെടുപ്പ് നടത്താവുന്നതാണെന്ന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 84/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - കൺസൽട്ടൻസി സർവ്വീസ് - പിഴ, പിജി ഒഴിവാക്കി കരാർ ഒപ്പുവച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്. (നം.2281/ഇ2/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ചുള്ള A.C. സ്ഥാപിക്കുന്നത് Fire fighting, STP Modification മുതലായ പണികൾ time bound ആയി തീർക്കേണ്ടതിനാലും സ്റ്റേഡിയം ഫിഫയ്ക്ക് കൈമാറേണ്ട സാഹചര്യം നിലനിൽക്കുന്നതിനാലും, മേൽ പ്രവർത്തികളുടെ കൺസൾട്ടന്റായ മെ. കിറ്റ്കോയെ (കേരള സർക്കാർ സ്ഥാപനം) പെർഫോർമൻസ് ഗ്യാരണ്ടി പിഴ ഒഴിവാക്കി സമയാസമയം ജിസിഡിഎയ്ക്ക് സേവനങ്ങൾ തന്ന സാഹചര്യം കണക്കിലെടുത്ത് എഗ്രിമെന്റ് വച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 85/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ - സംബന്ധിച്ച്. (നം.4632/ഇ2/2017/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അണ്ടർ-17 നോടനുബന്ധിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നടന്ന 24.03.2017-ലെ ടാസ്ക് ഫോഴ്സ് മീറ്റിംഗിൽ ഫിഫ അധികൃതർ ആവശ്യപ്പെട്ടത് പ്രകാരമുള്ള അധിക പ്രവർത്തികൾ നടത്തുന്നതിന് 2.50 കോടി രൂപ (14.07.2017-ലെ സ.ഉ.(ആർ.ടി.) നമ്പർ 125/2017/കാ.യു.വ. പ്രകാരം) അതോറിറ്റി ഫണ്ടിൽ നിന്നും ചെലവാക്കുന്നതിനും 2.50 കോടി രൂപ ഒഴികെ ബാക്കി തുക സർക്കാർ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി നടത്തുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 86/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ മൈതാനങ്ങൾ/കളിസ്ഥലങ്ങൾ/ഹാളുകൾ എന്നിവയുടെ വാടകയും, സെക്യൂരിറ്റി തുകയും പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്. (5123/എസ്റ്റേറ്റ്/എ3/16/ജിസിഡിഎ)*

അതോറിറ്റി വക വിവിധ മൈതാനങ്ങൾ/കളിസ്ഥലങ്ങൾ/ഹാളുകൾ എന്നിവയുടെ വാടക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം പ്രപ്പോസ് ചെയ്ത പുതിയ നിരക്കുകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 87/2017-18**

*ജിസിഡിഎ - നിയമ വിഭാഗം - അനധികൃത വസ്തു കൈമാറ്റം - ശ്രീ. അനസിനും ശ്രീ. വിജയകുമാറിനും എതിരായി എറണാകുളം സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. 141/13 നമ്പർ കേസ് അഡ്വ. ബാബു കറുകപ്പാടത്തിന് പ്രാഥമിക വക്കീൽ ഫീസ്, ചെലവ് ഇനങ്ങളിൽ 22,000/- രൂപ നൽകുന്നത് - സംബന്ധിച്ച്. (7635/എൽ.ഒ./2011/ജിസിഡിഎ)*

കസ്തൂർബാ നഗറിലെ അതോറിറ്റി വക സർവ്വേ നമ്പർ 890/3-ൽപ്പെട്ട അനധികൃത വസ്തു കൈമാറ്റം സംബന്ധിച്ച് എറണാകുളം സബ് കോടതിയിൽ അതോറിറ്റി ഫയൽ ചെയ്ത ഒ.എസ്. 141/13 നമ്പർ കേസിൽ 09.05.2017-ൽ 7635/എൽ.ഒ./2011/ജിസിഡിഎ നമ്പർ പ്രകാരം വക്കീലിന് നൽകിയ കത്തിന് മറുപടിയും ബില്ലും ഹാജരാക്കുന്ന മുറയ്ക്ക് തുക നൽകുന്നതും സാധൂകരണവും പരിഗണിക്കാമെന്ന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 88/2017-18**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - സി.എം.ഡി.എസ് - ബി-49 കടമുറിയുടെ വാടക കുടിശ്ശികയിന്മേലുള്ള പലിശ ഒഴിവാക്കുന്നത് സംബന്ധിച്ച്. (നം. 7058/സി-5/ബി-49/സി.എം.ഡി.എസ്/ജി.സി.ഡി.എ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ബി-49-ാം നമ്പർ കടമുറിയുടെ അലോട്ടിയായ ശ്രീ. സിബി മാത്യുവിന്റെ അപേക്ഷ പരിഗണിച്ച് വാടക കുടിശ്ശികയിൻമേലുള്ള പലിശയിനത്തിലുള്ള തുക ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 89/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - കലൂർ സ്റ്റേഡിയം മൈതാനം (കിഴക്കുഭാഗം) - GST Launch event നടത്തുന്നതിനായി 01.07.2017 തീയതിയിൽ കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റിന് അനുവദിച്ചു നൽകിയത് സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (നം. 5152/എസ്റ്റേറ്റ്/എ3/2017/ജി.സി.ഡി.എ)*

അതോറിറ്റി വക കലൂർ സ്റ്റേഡിയം മൈതാനം (കിഴക്കുഭാഗം) 01.07.2017-ന് GST Launch event നടത്തുന്നതിനായി കൊമേഴ്സ്യൽ ഡിപ്പാർട്ടുമെന്റിന് അനുവദിച്ചതിന്റെ വാടക ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുന്നതിനും ഇത്തരവം സൗജന്യ വാടക ആവശ്യപ്പെടുന്ന വകുപ്പുകൾ പരിപാടിക്ക് മുമ്പ് വാടക Exemption സംബന്ധിച്ച സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നും തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 90/2017-18**

*ജി.സി.ഡി.എ. - നിയമ വിഭാഗം - അതോറിറ്റി മുൻ സ്റ്റാന്റിംഗ് കൗൺസെലുകൾക്ക് നൽകേണ്ട ഫീസ് സംബന്ധിച്ചും, നിലവിലുള്ള പാനലിലെ വക്കീലന്മാർക്ക് പ്രാരംഭ ചെലവിനത്തിൽ നൽകേണ്ട തുക സംബന്ധിച്ച തീരുമാനം - സംബന്ധിച്ച്. (നം. 9394/എൽ.ഒ/2004/ജി.സി.ഡി.എ)*

അതോറിറ്റിക്കും/അതോറിറ്റിക്കെതിരെയും വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ posting, hearing, appearance എന്നിവ പരിശോധിച്ച്, മുൻ പാനലിലെ വക്കീലൻമാർക്ക് പഴയനിരക്കിലും നിലവിലെ പാനലിലെ വക്കീലൻമാർക്ക് പുതിയ നിരക്കിലും ഫീസ് നൽകുന്നതിന് തീരുമാനിച്ചു. നിലവിലെ അതോറിറ്റി സ്റ്റാന്റിംഗ് കൗൺസിലുകൾക്ക് കേസ് വിധിയാകുന്നതിന് മുമ്പ് ഫീസിനത്തിൽ ഒരു part payment നൽകുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 91/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിലേക്ക് 22.05.2017-ൽ നടത്തിയ ടെണ്ടർ/ലേലം നടപടിക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (നം. 3859/എസ്റ്റേറ്റ്/ബി3/17/ജി.സി.ഡി.എ)*

അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 22.05.2017 തീയതിയിൽ നടന്ന ടെണ്ടർ/ലേലത്തിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത താഴെ പറയുന്നവർക്ക് 01.06.2017 മുതൽ 31.05.2018 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1) എസ്.വി. അസ്സോസിയേറ്റ്സ് - സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടം - 5,55,556/- രൂപ.
2) വിനോദ് പി.എസ്. - അംബേദ്കർ സ്റ്റേഡിയം പരിസരം - 8,00,000/- രൂപ.

**13. തീരുമാനം നമ്പർ 92/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ ജെ.എൻ.ഐ.സ്റ്റേഡിയം 'എ' മുതൽ 'എച്ച്' വരെയുള്ള സെക്ടറുകളിലും പമ്പ് ഹൗസിലെയും സ്ട്രക്ച്ചറൽ മെയിന്റനൻസ് പ്രവൃത്തികൾ - സംബന്ധിച്ച്. (നം. ഇ2/472/2017/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ ലോക കപ്പിന് മുന്നോടിയായി 'എ' മുതൽ 'എച്ച്' വരെയുള്ള സെക്ടറുകളിലും പമ്പ് ഹൗസിലും സ്ട്രക്ച്ചറൽ മെയിന്റനൻസ് പ്രവൃത്തികൾ അടിയന്തിരമായി ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത് 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ നടപടിയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. Rieco Roof India-ക്ക് വർക്ക് ഓർഡർ നൽകിയ നടപടിയും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 93/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക അംബേദ്കർ സ്റ്റേഡിയം ചുറ്റുമതിലിൽ പരസ്യ പ്രദർശനത്തിനുള്ള അവകാശം അനുവദിക്കുന്നതിനു 27.05.17 ൽ നടത്തിയ ടെണ്ടർ/പുനർ ലേലം നടപടി ക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (നം. 3248/എസ്റ്റേറ്റ്/ബി-3/2017/ജി.സി.ഡി.എ.)*

അതോറിറ്റി വക അംബേദ്കർ സ്റ്റേഡിയം ചുറ്റുമതിലിൽ പരസ്യ പ്രദർശനത്തിനുള്ള അവകാശം നൽകുന്നതിന് 27.05.2017-ൽ നടത്തിയ ടെണ്ടർ/പുനർലേലം നടപടികൾ പ്രകാരം ലേലത്തിൽ ഉയർന്ന തുക വാഗ്ദാനം നൽകിയ ശ്രീ. കെ. വിജയകുമാറിന് 01.06.2017 മുതൽ 31.05.2018 വരെ ടി പ്രവൃത്തി ചെയ്യുന്നതിന് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 94/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - കലൂർ സ്റ്റേഡിയം മൈതാനം - (പടിഞ്ഞാറ്ഭാഗം) 1 ഏക്കർ - നൈറ്റ് റൺ ഇവന്റ് (മിർച്ചി നിയോ റൺ) നടത്തുന്നതിനായി Aura Integrated Solutions Pvt. Ltd. ന് അനുവദിച്ച് നൽകിയത് - പരിപാടി നടത്താൻ കഴിയാതെ വന്നതിനാൽ സെക്യൂരിറ്റി തുകയും, വാടകയും തിരികെ നൽകുന്നത് - സംബന്ധിച്ച്. (നം. 7260/എസ്റ്റേറ്റ്/എ-3/2016/ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം 18.12.2016-ന് കലൂർ ജെ.എൻ.ഐ.എസ്.-ൽ ഐ.എസ്.എൽ. മത്സരങ്ങൾ നടക്കുന്നതിനാൽ സ്റ്റേഡിയം മൈതാനം പടിഞ്ഞാറുഭാഗത്ത് നൈറ്റ് റൺ ഇവന്റ് നടത്താൻ സാധിക്കുകയില്ലായെന്ന് അതോറിറ്റി ആവശ്യപ്പെട്ടത് പ്രകാരം പരിപാടി ക്യാൻസൽ ചെയ്യേണ്ടി വന്ന സാഹചര്യത്തിൽ Aura Integrated Solutions Pvt. Ltd.

എന്ന സ്ഥാപനത്തിന് സെക്യൂരിറ്റി ഡെപ്പോസിറ്റും വാടകയും തിരികെ നൽകുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 95/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - 31.05.2017 അപരാഹ്നത്തിൽ അതോറിറ്റി സർവ്വീസിൽ നിന്നു വിടുതൽ ചെയ്ത ശ്രീ.എ.ഹമീദ് കുഞ്ഞ്, സെക്ഷൻ ഓഫീസർ (ഹ.ഗ്രേ)ന് കോടതിവിധിയുടെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ സ്ഥാനക്കയറ്റം/സാമ്പത്തികാനുകൂല്യങ്ങൾ നൽകിയ നടപടി സാധൂകരിക്കുന്നത്- സംബന്ധിച്ച്. (6899/എസ്റ്റാ.2/2008/ജിസിഡിഎ)*

അതോറിറ്റി സർവ്വീസിൽ നിന്നും 31.05.2017 A.N-ൽ വിരമിച്ച ശ്രീ. എ. ഹമീദ്കുഞ്ഞ്, സെക്ഷൻ ഓഫീസർ (ഹ.ഗ്രേ.)-ന് ബഹു. ഹൈക്കോടതിയിലെ ഡബ്ല്യൂ.പി.(സി) നമ്പർ 28587/08 കേസിലെ വിധി പ്രകാരം 01.12.2013 പൂർവ്വാഹ്നത്തിൽ മുൻകാല പ്രാബല്യത്തോടെ സെക്ഷൻ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റവും സാമ്പത്തിക ആനുകൂല്യവും അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 96/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ ശ്രീമതി. രാജി എൻ.ആർ., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം നൽകിയ നടപടിയ്ക്ക് സാധൂകരണം നൽകുന്നതിനും ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതും - സംബന്ധിച്ച്. (8872/എസ്റ്റാ.2/2010/ജിസിഡിഎ)*

07.12.2011-ലെ ജി.ഒ. 305/11/എൽ.എസ്.ജി.ഡി. നമ്പർ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയിലെ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ ശ്രീമതി. രാജി എൻ.ആർ., സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് 31.10.2015 അപരാഹ്നത്തിൽ സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിക്കുന്നതിനും സർക്കാർ അംഗീകാരത്തിനായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 97/2017-18**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - ശ്രീമതി. മെയ് മാത്യു സീനിയർ ടൗൺ പ്ലാനറുടെ നിരീക്ഷണ കാലഘട്ടം തൃപ്തികരമല്ലാത്തതിനാൽ ദീർഘിപ്പിക്കലും തുടർ നടപടികൾ സ്വീകരിക്കലും - സംബന്ധിച്ച്. (5032/ജി-3/2017/ജിസിഡിഎ)*

അതോറിറ്റിയിലെ പ്ലാനിംഗ് വിഭാഗത്തിൽ സീനിയർ ടൗൺ പ്ലാനറായി 27.06.2016-ൽ ചുമതലയേറ്റെടുത്ത ശ്രീമതി. മെയ് മാത്യുവിന്റെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന കൃത്യവിലോപവും അനുസരണക്കേടും തന്റെ കൃത്യ നിർവ്വഹണത്തിൽ വന്ന വീഴ്ചകളുടേയും അടിസ്ഥാനത്തിൽ സെക്രട്ടറി 06.06.2017, 28.06.2017, 29.06.2017, 01.07.2017,

11.07.2017, 15.07.2017 എന്നീ തീയതികളിൽ ശ്രീമതി. മെയ് മാത്യുവിന് നൽകിയ മെമ്മോകളും കമ്മിറ്റി വിശദമായി പരിശോധിച്ചു.

നിരീക്ഷണ കാലം ഒരു വർഷം തുടർച്ചയായ സേവന കാലയളവിനുള്ളിൽ 6 മാസമായിരുന്നുവെങ്കിലും ടിയാരിയുടെ സേവനം തീരെ തൃപ്തികരമാകാത്തതിനാൽ നിരീക്ഷണ കാലഘട്ടം ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കാതിരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് സെക്രട്ടറി നൽകിയിരുന്നു.

അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളിൽ യഥാസമയം തീരുമാനമെടുക്കുകയോ കീഴ് ജീവനക്കാർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയോ ശ്രീമതി. മെയ് മാത്യു അവധിയെടുക്കുമ്പോൾ സെക്രട്ടറിയെ നേരിട്ട് അറിയിക്കുകയോ ചെയ്യാറില്ല. 2016-17 ൽ ബഹു. എറണാകുളം എം.എൽ.എ. ശ്രീ. ഹൈബി ഈഡന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 1 കോടി രൂപ ശ്രീമതി. മെയ് മാത്യുവിന്റെ കൃത്യ വിലോപം കാരണം അതോറിറ്റിക്ക് നഷ്ടമായി ശ്രീമതി. മെയ് മാത്യുവിന്റെ പ്രവർത്തനങ്ങൾ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ജനങ്ങൾക്കിടയിൽ അതോറിറ്റിയെക്കുറിച്ച് മോശമായ പ്രതികരണങ്ങൾ ഉണ്ടാക്കുന്ന തരത്തിലുള്ളവയാണ്. ആസൂത്രണ വിഭാഗത്തിലെ 15 ജീവനക്കാരിൽ 13 പേരും ചേർന്ന് ടിയാരിക്കെതിരെ ബഹു. ചെയർമാന് പരാതി നൽകിയത് ഗൗരവമുള്ളതായിരുന്നു. ബഹു. ചെയർമാനോ സെക്രട്ടറിയോ നൽകുന്ന ഉത്തരവുകൾ പാലിക്കാതെ വിയോജനകുറിപ്പുകളെഴുതി വികസന പ്രവർത്തനങ്ങൾക്ക് താമസം വരുത്തുക, ചെയർമാന്റെ സാന്നിദ്ധ്യത്തിൽ സെക്രട്ടറി അടക്കമുള്ള ഉന്നതോദ്യോഗസ്ഥരോട് കയർത്ത് സംസാരിക്കുക, സെക്രട്ടറി സീനിയർ ടൗൺ പ്ലാനറേക്കാൾ കുറഞ്ഞ ശമ്പള സ്കെയിലിലുള്ള ആളാണെന്ന് പൊതുജനങ്ങളോട് സംസാരിക്കുക, മേലുദ്യോഗസ്ഥർക്കെതിരെ അടിസ്ഥാനമില്ലാത്ത ആരോപണം ഉന്നയിക്കുക, അവരെ അനുസരിക്കാതിരിക്കുക, അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനെ തടയുന്ന തരത്തിലുള്ള പ്രവർത്തന രീതി മുതലായ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് ടിയാരിക്ക് മെമ്മോ നൽകിയെങ്കിലും തൃപ്തികരമായ മറുപടി നൽകിയില്ല എന്ന് മാത്രമല്ല സെക്രട്ടറിയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നതിനാണ് മറുപടി ഉപയോഗിച്ചത്. ഇത് തികഞ്ഞ അനുസരണക്കേടും അധികാര സ്ഥാനങ്ങളെ ചോദ്യം ചെയ്യലുമായി മാത്രമേ കാണാൻ കഴിയൂ.

ടിയാരിയുടെ ടി പ്രവർത്തികൾ സർവ്വീസ് ചട്ടങ്ങൾക്കും സ്വഭാവ നടപടി ചട്ടങ്ങൾക്കും വിരുദ്ധമാകയാലും ടിയാരിയുടെ നിരീക്ഷണ കാലഘട്ടം തൃപ്തികരമല്ലെന്ന് കമ്മറ്റിക്കും ബോധ്യം വന്നതിനാലും സർവ്വീസ് ചട്ട പ്രകാരം തുടർ നടപടി ടിയാരിക്കെതിരെ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിരീക്ഷണകാലം 27.06.2017 മുതൽ ഒരു

വർഷത്തേക്ക് കൂടി WP(C) ………/17-ന്റെ ബഹു. കോടതി വിധിക്ക് വിധേയമായി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു.

**<u>19. തീരുമാനം നമ്പർ 98/2017-18</u>**

*ജിസിഡിഎ - ധനകാര്യ വിഭാഗം - 2016-17 വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യകണക്കുകളും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. 5092/എഫ്ഡി.4/2016-17/ജി.സി.ഡി.എ.)*

അതോറിറ്റിയുടെ 2016-17 വർഷത്തെ മാസാന്ത്യ കണക്കുകളും വർഷാന്ത്യ കണക്കുകളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി